©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ജനുവരി 12<br>12th January 2021<br>1196 ധനു 28<br>28th Dhanu 1196<br>1942 പൌഷം 22<br>22nd Pousha 1942 | നമ്പർ<br>No. 2 |

## PART III
## Co-operative Department

REGISTRATION CERTIFICATE

No. O-2133/2020. *7th October 2020.*

I do hereby certify in exercise of the powers conferred upon me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the Pushpagiri Medical Society Staff Welfare Credit Co-operative Society (Limited), in Thiruvalla Taluk, Pathanamthitta District is registered by me today as a Co-operative Society under the Said Act, on the basis of limited liability and that the byelaws of the aforesaid society is also hereby registered under the said section.

**Categorical Statement**

1. Name and Number of the Society—Pushpagiri Medical Society Staff Welfare Credit Co-operative Society (Limited) PT323.
2. Date of Registration—7-10-2020.
3. Address—Pushpagiri Medical Society, Thiruvalla, Pathanamthitta.
4. Liability—Limited.
5. Area of operation—Thiruvalla Municipality.
6. Main Object—To promote thrift, self help and Co-operation among members, Accepting deposit and lending money to members.
7. Type of Society—Other Primary Credit Societies-(iii) employees Credit Societies, as per Rule 15-1 (C), (iii).
8. Authorized Share Capital— ₹ 1,55,00,000.
9. Maximum borrowing Power—150 times of paid up Share Capital Plus Reserve Fund.

Office of the Registrar of the
Co-operative Societies, (General) (Sd.)
Pathanamthitta. *Joint Registrar* (General)

Gaz. No. 2/2021/DTP (Co-operative).

## വയനാട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: എം. സജീർ, ജോയിന്റ് രജിസ്ട്രാർ)

(1)

നമ്പർ എ.ഇ.എൽ. 2717/2020. 2020 നവംബർ 12.

വിഷയം:—സമാപ്തീകരണം—മക്കിയാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ.104 —പ്രാഥമിക സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 14-7-2020-ലെ AE 827/17(42)-ാം നമ്പർ കത്തും സഹകരണ നിയമം വകുപ്പ് 66 റിപ്പോർട്ടും.

(2) ഈ ആഫീസിന്റെ 10-8-2020-ലെ നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ മക്കിയാട് ആസ്ഥാനമായി ക്ലിപ്തം നമ്പർ ഡബ്ല്യു. 104 മക്കിയാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായതിനെ തുടർന്ന് സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിക്കാൻ മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2019-ലെ AE/827/17 (42)-ാം നമ്പർ ഉത്തരവിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടർ പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിച്ച പ്രകാരം മേൽ സൂചന (1) ആയി ഈ ആഫീസിലേയ്ക്ക് അയച്ച് തന്നിട്ടുണ്ട്.

ടി റിപ്പോർട്ടിൽ സംഘം ആഫീസോ കെട്ടിടമോ ഒന്നും കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും നിലവിൽ സംഘം പ്രവർത്തനരഹിതമാണ് എന്നും ആഡിറ്റ് നടത്തിയിട്ടില്ല എന്നും സംഘം ഭരണ സമിതിയിലേക്ക് ഒരു തെരഞ്ഞെടുപ്പ് നടന്നതായി കാണുന്നില്ല എന്നും ഭരണസമിതിയോ, ആഫീസോ ജീവനക്കാരോ ഇല്ലാത്ത തീർത്തും പ്രവർത്തന രഹിതമായ സാഹചര്യമാണ് ഉള്ളതെന്നും സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും നിലവിലില്ല എന്നും, അപ്രകാരം പ്രവർത്തന രഹിതമായ സംഘം സഹകരണ നിയമം വകുപ്പ് 71, 72 പ്രകാരം സമാപ്തീകരിക്കുന്നതാണ് ഇത്തരുണത്തിൽ ഉചിതമായത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയുമില്ലാത്തതിനാൽ സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മേൽ സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് നിശ്ചിത കാലാവധിക്കുള്ളിൽ ബോധിപ്പിക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ട് ധനസഹായ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും നോട്ടീസ് നൽകിയിരുന്നു. ആയതിന് യാതൊരു മറുപടിയും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

ക്ലിപ്തം നമ്പർ ഡബ്ളിയു. 104 മക്കിയാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം 1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് 72 (1) പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന ദിവസത്തെ കടധന പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക തയ്യാറാക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് കടധന പട്ടിക സഹിതം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(2)

നമ്പർ എ.ഇ.എൽ. 2720/2020. 2020 നവംബർ 12.

വിഷയം:—സമാപ്തീകരണം—തവിഞ്ഞാൽ പഞ്ചായത്ത് പൂഴി തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ. 102—പ്രാഥമിക സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 14-7-2020-ലെ AE 827/17(41)-ാം നമ്പർ കത്തും സഹകരണ നിയമം വകുപ്പ് 66 റിപ്പോർട്ടും.

(2) ഈ ആഫീസിന്റെ 10-8-2020-ലെ നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ തവിഞ്ഞാൽ പഞ്ചായത്ത് പ്രവർത്തന പരിധിയായി രൂപീകരിച്ചിരുന്ന ക്ലിപ്തം നമ്പർ ഡബ്ല്യു. 102 തവിഞ്ഞാൽ പഞ്ചായത്ത് പൂഴി തൊഴിലാളി സഹകരണ സംഘം നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമായതിനെ തുടർന്ന് സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിക്കാൻ മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2019-ലെ AE/827/17 (41)-ാം നമ്പർ ഉത്തരവിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടർ പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിച്ച പ്രകാരം മേൽ സൂചന (1) ആയി ഈ ആഫീസിലേയ്ക്ക് അയച്ച് തന്നിട്ടുണ്ട്.

റിപ്പോർട്ടിൽ സംഘം ആഫീസോ കെട്ടിടമോ ഒന്നും കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും നിലവിൽ സംഘം പ്രവർത്തനരഹിതമാണ് എന്നും ആഡിറ്റ് നടത്തിയിട്ടില്ല എന്നും സംഘം ഭരണ സമിതിയിലേക്ക് ഒരു തെരഞ്ഞെടുപ്പ് നടന്നതായി കാണുന്നില്ല എന്നും ഭരണസമിതിയോ, ആഫീസോ ജീവനക്കാരോ ഇല്ലാത്ത തീർത്തും പ്രവർത്തന രഹിതമായ സംഘത്തിൽ നാളിതുവരെ ആഡിറ്റ് നടത്തിയിട്ടില്ല. സംഘം നിർജ്ജീവമായ സാഹചര്യമാണ് ഉള്ളതെന്നും സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും നിലവിലില്ല എന്നും, അപ്രകാരം പ്രവർത്തന രഹിതമായ സംഘം സഹകരണ നിയമം വകുപ്പ് 71, 72 പ്രകാരം സമാപ്തീകരിക്കുന്നതാണ് ഉചിതമായത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയുമില്ലാത്തതിനാൽ സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മേൽ സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് നിശ്ചിത കാലാവധിക്കുള്ളിൽ ബോധിപ്പിക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ട് ധനസഹായ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും നോട്ടീസ് നൽകിയിരുന്നു. ആയതിന് യാതൊരു മറുപടികളും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ ഡബ്ളിയു. 102 തവിഞ്ഞാൽ പഞ്ചായത്ത് പൂഴി തൊഴിലാളി സഹകരണ സംഘം 1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന ദിവസത്തെ കടധന പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക തയ്യാറാക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് കടധന പട്ടിക സഹിതം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(3)

നമ്പർ എ.ഇ.എൽ. 2724/2020. 2020 നവംബർ 13.

വിഷയം:—സമാപ്തീകരണം—പഴശ്ശി ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യു. 92—പ്രാഥമിക സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 14-7-2020-ലെ AE 827/17(24)-ാം നമ്പർ കത്തും സഹകരണ നിയമം വകുപ്പ് 66 റിപ്പോർട്ടും.

(2) ഈ ആഫീസിന്റെ 10-8-2020-ലെ നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ മാനന്തവാടി ആസ്ഥാനമായി രൂപീകരിച്ചിരുന്ന ക്ലിപ്തം നമ്പർ ഡബ്ല്യു. 92 പഴശ്ശി ലേബർ കോൺട്രാക്ട് സഹകരണ സംഘം നിരവധി വർഷങ്ങളായി പ്രവർത്തനരഹിതമായതിനെ തുടർന്ന് സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിക്കാൻ മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2019-ലെ AE/827/17 (24)-ാം നമ്പർ ഉത്തരവിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടർ പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിച്ച പ്രകാരം മേൽ സൂചന (1) ആയി ഈ ആഫീസിലേയ്ക്ക് അയച്ച് തന്നിട്ടുണ്ട്.

ടി റിപ്പോർട്ടിൽ സംഘത്തിന് ആഫീസോ കെട്ടിടമോ ഒന്നും കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും നിലവിൽ സംഘം പ്രവർത്തന രഹിതമാണ് എന്നും സംഘം ഭരണ സമിതിയിലേക്ക് ഒരു തെരഞ്ഞെടുപ്പ് 1995-96 കാലത്തേക്ക് 2-8-1995-ന് അന്നത്തെ സംഘം ആഫീസിൽവച്ച് നടത്തിയതായും അതിലെ തെരഞ്ഞെടുത്ത ഭരണ സമിതിയംഗങ്ങൾക്ക് സംഘം സംബന്ധിച്ച ലഭ്യമായ റിക്കാർഡുകൾ സഹിതം പരിശോധന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാകുന്നതിന് നോട്ടീസ് നൽകിയെങ്കിലും ആരും തന്നെ ഹാജരായില്ലെന്നും ഇപ്പോൾ ഭരണസമിതിയോ, ആഫീസോ ജീവനക്കാരോ ഇല്ലാത്ത തീർത്തും പ്രവർത്തനരഹിതമായ സംഘത്തിൽ നാളിതുവരെ ആഡിറ്റ് നടത്തിയിട്ടില്ല. സംഘം നിർജ്ജീവമായ സാഹചര്യമാണ് ഉള്ളതെന്നും സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും നിലവിലില്ല എന്നും അപ്രകാരം പ്രവർത്തനരഹിതമായ സംഘം സഹകരണ നിയമം വകുപ്പ് 71, 72 പ്രകാരം സമാപ്തീകരിക്കുന്നതാണ് ഉചിതമായത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയുമില്ലാത്തതിനാൽ സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മേൽ സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് നിശ്ചിത കാലാവധിക്കുള്ളിൽ ബോധിപ്പിക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ട് ധനസഹായ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും നോട്ടീസ് നൽകിയിരുന്നു. ആയതിന് യാതൊരു മറുപടികളും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ ഡബ്ളിയു. 92 പഴശ്ശി ലേബർ കോൺട്രാക്ട് സഹകരണ സംഘം 1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന ദിവസത്തെ കടധന പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക തയ്യാറാക്കേണ്ടതാണ്. ആയതിന്റെ ഒരു പകർപ്പ് കടധന പട്ടിക സഹിതം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(4)

നമ്പർ എ.ഇ.എൽ. 2721/2020. 2020 നവംബർ 13.

വിഷയം:—സമാപ്തീകരണം—മാനന്തവാടി പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്യൂ. 96—പ്രാഥമിക സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 15-7-2020-ലെ AE 827/17(23)-ാം നമ്പർ കത്തും സഹകരണ നിയമം വകുപ്പ് 66 റിപ്പോർട്ടും.

(2) ഈ ആഫീസിന്റെ 10-8-2020-ലെ നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ മാനന്തവാടി ആസ്ഥാനമായി ക്ലിപ്തം നമ്പർ ഡബ്ല്യു. 96 മാനന്തവാടി പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം നിരവധി വർഷങ്ങളായി പ്രവർത്തനരഹിതമായതിനെ തുടർന്ന് സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള ഒരു പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിക്കാൻ മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 25-9-2019-ലെ AE/827/17 (23)-ാം നമ്പർ ഉത്തരവിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടർ പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിച്ച പ്രകാരം മേൽ സൂചന (1) ആയി ഈ ആഫീസിലേയ്ക്ക് അയച്ച് തന്നിട്ടുണ്ട്.

റിപ്പോർട്ടിൽ സംഘം ആഫീസോ കെട്ടിടമോ ഒന്നും കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും നിലവിൽ സംഘം പ്രവർത്തനരഹിതമാണ് എന്നും ആഡിറ്റ് നടത്തിയിട്ടില്ല എന്നും സംഘം ഭരണ സമിതിയിലേക്ക് ഒരു തെരഞ്ഞെടുപ്പ് നടന്നതായി കാണുന്നില്ല എന്നും ഭരണസമിതിയോ, ആഫീസോ ജീവനക്കാരോ ഇല്ലാത്ത തീർത്തും പ്രവർത്തന രഹിതമായ സംഘത്തിൽ നാളിതുവരെ ആഡിറ്റ് നടത്തിയിട്ടില്ല. സംഘം നിർജ്ജീവമായ സാഹചര്യമാണ് ഉള്ളതെന്നും സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും നിലവിലില്ല എന്നും, അപ്രകാരം പ്രവർത്തന രഹിതമായ സംഘം സഹകരണ നിയമം വകുപ്പ് 71, 72 പ്രകാരം സമാപ്തീകരിക്കുന്നതാണ് ഉചിതമായത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയുമില്ലാ ത്തതിനാൽ സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്ന താണെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മേൽ സൂചന (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം സമാപ്തീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് നിശ്ചിത കാലാവധിക്കുള്ളിൽ ബോധിപ്പിക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ട് ധനസഹായ ബാങ്കിനും സർക്കിൾ സഹകരണ യൂണിയനും നോട്ടീസ് നൽകിയിരുന്നു. ആയതിന് യാതൊരു മറുപടികളും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്ലിപ്തം നമ്പർ ഡബ്ളിയു. 96 മാനന്തവാടി പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം 1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ & ഇ ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തര വാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന ദിവസത്തെ കടധന പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടിക തയ്യാറാക്കേണ്ട താണ്. ആയതിന്റെ ഒരു പകർപ്പ് കടധന പട്ടിക സഹിതം ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, വയനാട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ
(ജനറൽ).